"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. അനിൽ കുമാർ.എം- ന്റെ നവജാത ശിശുവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.58/2024/LSGD തീയതി,തിരുവനന്തപുരം, 09-06-2024

---

പരാമർശം:-

1. 21.01.2016 -ലെ G.O.(P) No.10/2016/ H&FWD നമ്പർ സർക്കുലർ.
2. 15.12.2017-ലെ G.O.(Ms) ) No.184/2017/H&FWD നമ്പർ ഉത്തരവ്.
3. ശ്രീ. അനിൽ കുമാർ എം ന്റെ 10.05.2022-ലെ അപേക്ഷയും ബില്ലുകളും.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 29-07-2023- ലെ LSGD/PD/7605 / 2023-DEG2 നമ്പർ കത്ത്.
5. അരീക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.04.2022ലെ 10-ാം നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.06.2023-ലെ(എൽ.ഡിസ്) എം.ആർ 1-46988/2022/ ആ.വ.ഡ നം. കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. അനൽ കുമാർ.എം- ന്റെ നവജാത ശിശുവിന്റെ ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിൽ ചെലവായ 2,11,367/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 32,366/-രൂപ (മുപ്പത്തി രണ്ടായിരത്തി മുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം അരീക്കോട് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. അനിൽ കുമാർ. എം- ന്റെ നവജാത ശിശുവിന്റെ ചികിത്സയ്ക്കായി 13.08.2021 മുതൽ 05.09.2021 വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് അനുവദനീയത അറിയിച്ചിട്ടുള്ള 32,366/- രൂപയുടെ 80% ആയ 25,893/- (ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത

മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
സെക്രട്ടറി, അരീക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.
ശ്രീ. അനിൽ കുമാർ എം , ഓഫീസ് അറ്റൻഡന്റ്, അരീക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/463/2023-LSGD ).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S സെക്ഷൻ ഓഫീസർ
Date: 10-06-2024 11:04:21